പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനെതിരെ ഉത്തരവ്

118 (119) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി റേഷൻ കാർഡുകൾ അനുവദിക്കരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോപ്പി നൽകാമോ ;

(സി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസുകളിൽ പുതിയ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുവാനുണ്ട് ;

(ഇ) റേഷൻ കാർഡിനു വേണ്ടിയുള്ള അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനായി താലൂക്ക് തലത്തിൽ ഒരു അദാലത്ത് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 36,165 അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുവാനുണ്ട്.

(ഇ) ഇപ്പോൾ റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ നടന്ന് വരുന്നതിനാലും പ്രസ്തുത അപേക്ഷകളിൽ കഴിയുന്നത്ര വേഗത്തിൽ തീരുമാനമെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും അദാലത്ത് സംഘടിപ്പിക്കേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല. ഈ കുടിശികയിൻമേൽ രണ്ട് ആഴ്ചകൾക്കുള്ളിൽ തീരുമാനം എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ റേഷൻകാർഡ് നൽകുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശം

119 (120) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി റേഷൻകാർഡ് നൽകുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ; സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസുകളിൽ പുതിയ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകൾ കെട്ടി കിടക്കുന്നുണ്ട് ; താലൂക്ക് അടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly